**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1133** **06-10-2021 - ൽ മറുപടിയ്ക്ക്**

**യുവജനങ്ങളിൽ ലഹരിമരുന്ന് ഉപയോഗം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | യുവജനങ്ങളിൽ ലഹരിമരുന്ന് ഉപയോഗം വർദ്ധിക്കുന്നതായി റിപ്പോർട്ടുകൾ വരുന്ന സാഹചര്യത്തിൽ ബോധവൽക്കരണത്തിനായി പ്രത്യേക കർമ്മ പദ്ധതി യുവജനക്ഷേമവകുപ്പ് ആവിഷ്കരിക്കുമോ; വിശദാംശങ്ങൾ നൽകുമോ? | (എ) | കേരള സംസ്ഥാന യുവജന കമ്മീഷൻ യുവജനങ്ങളിലെ ലഹരിമരുന്ന് ഉപയോഗം, റാഗിംഗ്, സൈബർ കുറ്റകൃത്യങ്ങൾ, തീവ്രവാദം എന്നിവയ്ക്കെതിരെയും റോഡു സുരക്ഷ, മാനസിക ആരോഗ്യം എന്നിവ സംബന്ധിച്ചും ബോധവത്ക്കരണ പരിപാടികൾ നടത്തുന്നുണ്ട്. ടി പദ്ധതി ജില്ലകൾ കേന്ദ്രീകരിച്ച് സംസ്ഥാനത്തെ കോളേജുകളിലും കോളനികളിലും സംഘടിപ്പിക്കുന്നുണ്ട്. സംസ്ഥാന/ ജില്ലാ കോ-ഓർഡിനേറ്റർമാരെ തെരഞ്ഞെടുത്ത് വിദഗ്ദ്ധരുടെ നേതൃത്വത്തിൽ പരിശീലനം നൽകി ബോധവത്ക്കരണ പ്രവർത്തനങ്ങൾ സംസ്ഥാനത്തുടനീളം നടത്തുന്നുണ്ട്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് യുവജനങ്ങൾക്കിടയിൽ പദ്ധതിയുടെ സന്ദേശം എത്തിക്കാൻ കമ്മീഷൻ ശ്രമിച്ചുവരുന്നു. ഇത് കമ്മീഷന്റെ തുടർപദ്ധതിയാണ്. |

സെക്ഷൻ ഓഫീസർ